**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **14-03-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 07.10.2021-ലെ ജി.ഒ.(പി) 1/2021/ പി.ഐ.ഇ.&എം.ഡി. പ്രകാരം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ നൽകി വരുന്ന നേറ്റിവിറ്റി, ജാതി തുടങ്ങി 11 ഇന സർട്ടിഫിക്കറ്റുകൾക്ക് പകരമായി എസ്.എസ്.എൽ.സി. ബുക്ക്, റേഷൻകാർഡ് തുടങ്ങിയ രേഖകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവിറങ്ങിയിട്ടും വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകം ഉത്തരവില്ലാത്തിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് കൊണ്ട് പൊതു ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 07/10/2021 ലെ ജി.ഒ.(പി)1/2021/പി.ഐ.ഇ.&എം.ഡി. ഉത്തരവിൽ തന്നെ, സാക്ഷ്യപത്രങ്ങൾക്കു പകരം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സ്വീകരിക്കുന്നതിന് ആവശ്യമായ വിധത്തിൽ നിലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിലനിൽക്കുന്ന ഉത്തരവുകൾ ഭേദഗതി വരുത്തുന്നതിനും / പിൻവലിക്കുന്നതിനും നടപടികൾ ഉണ്ടാകണമെന്നും ആയതിനു ചീഫ് സെക്രട്ടറി മേൽനോട്ടം വഹിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഈ നടപടി പൂർത്തിയാകുന്ന മുറക്ക് മാത്രമേ പദ്ധതി നിർവഹണ വകുപ്പിന്റെ 07/10/2021 ലെ ഉത്തരവ് പൂർണ്ണ ഫലപ്രാപ്തിയിൽ എത്തുകയുള്ളൂ. |
| (ബി) | ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവരുടെ ആദ്യ മീറ്റിംഗിലും 05.11.2021-ന് നടന്ന രണ്ടാമത്തെ മീറ്റിംഗിലും ജീവനക്കാർ ഉന്നയിച്ച ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, പ്രിന്റർ, ടോണർ, ലാപ് ടോപ്പ്, സ്കാനർ, ഫോട്ടോ കോപ്പി പേപ്പർ തുടങ്ങിയവ നൽകുക എന്നീ ആവശ്യങ്ങൾ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയിരുന്നോ; റവന്യൂ വകുപ്പിലെ അടിസ്ഥാന ആഫീസായ വില്ലേജോഫീസുകളിൽ മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും നാളിതുവരെ നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | "കടലാസ് രഹിത വില്ലേജ് ഓഫീസ്" എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി കോഴിക്കോട്, വയനാട് ജില്ലയിലെ മുഴുവൻ വില്ലേജുകൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു ജില്ലകളും ഈ സർക്കാർ കാലയളവിൽ സമ്പൂർണ്ണ ഇ-ജില്ലകളായി മാറിയിട്ടുണ്ട്. കൂടാതെ കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നും സ്മാർട്ട് ബ്രാൻഡ് വില്ലേജുകളായി തെരഞ്ഞെടുക്കപ്പെട്ട 115 വില്ലേജുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലെ വില്ലേജുകളിലേയ്ക്കും അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജുകൾക്ക് പ്രഥമ പരിഗണന നൽകി കൊണ്ടുള്ള പർച്ചേയ്സ് നടപടികളാണ് സ്വീകരിച്ചു വരുന്നത്. റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുകയെന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഹാർഡ് വെയർ പ്രൊക്യൂർമെന്റിനായി 2021-22 പ്ലാൻ ഫണ്ട് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ച് പരമാവധി ഓഫീസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ ഭാഗമായി Hardware Procurement നടത്തുന്നതിന് 800 ലക്ഷം രൂപയുടെ ഭരണാനുമതി 09/07/2021 ലെ സ.ഉ.(സാധാ)2384/2021/റവ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ജില്ലാകളക്ടർമാർ സമർപ്പിച്ചിരുന്ന ഗ്യാപ് റിപ്പോർട്ട് പരിശോധിച്ച് 2632 ലാപ് ടോപ്പുകൾ, 313 എ4 ഫങ്ങ്ഷൻ പ്രിന്ററുകൾ, 224 എ4 ഷീറ്റ് ഫെഡ് സ്കാനറുകൾ, 20 ഫ്ലാറ്റ് ബെഡ് സ്കാനറുകൾ, 4 എ3 മൾട്ടി ഫങ്ങ്ഷൻ പ്രിന്ററുകൾ എന്നിവ സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾക്കായി അനുവദിച്ചിട്ടുണ്ട്. റവന്യൂ ഓഫീസുകളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ 28/10/2018 ലെ സ.ഉ.(കൈ) 27/2018/ഐ.റ്റി.ഡി. നം. ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ക്രാപ് ചെയ്ത ശേഷം GAP റിപ്പോർട്ട് ലഭ്യമാക്കുവാൻ ജില്ലാകളക്ടർമാരോട് ആവശ്യപ്പെട്ടിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നു കൊണ്ട് കളക്ടേറ്റ് മുതൽ വില്ലേജ് തലം വരെയുള്ള ഒട്ടുമിക്ക റവന്യൂ ഓഫീസുകൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | റവന്യൂ വകുപ്പിൽ ആനുകാലികമായി നടത്തപ്പെടുന്ന മീറ്റിംഗിലേക്ക് ജില്ലാ കളക്ടേറ്റിൽ നിന്നും വില്ലേജ് ഓഫീസർമാരെ പ്രതിനിധീകരിച്ച് രണ്ട് വില്ലേജ് ഓഫീസർമാരെ തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ ജില്ലകളിലെയും ഭരണാനുകൂല സർവ്വീസ് സംഘടനയുടെ നേതാക്കളോ പ്രതിനിധികളോ മാത്രമാകുന്നുവെന്ന ആരോപണം നിലനിൽക്കുന്നതായും അതുമൂലം യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നു എന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് മാറ്റം വരുത്തുന്നതിന് ശ്രമിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എല്ലാ വകുപ്പുകളിലും ഓൺലൈൻ സ്ഥലം മാറ്റങ്ങൾ മാത്രമേ നടത്തുകയുള്ളുവെന്ന് സർക്കാർ തീരുമാനമുണ്ടായിട്ടും അപേക്ഷകൾ ക്ഷണിക്കാതെ തന്നെ റവന്യൂ വകുപ്പിൽ ജില്ലാ കളക്ടേറ്റുകളിൽ സ്ഥലം മാറ്റങ്ങൾ നടക്കുന്നതായി | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വകുപ്പുകളിലെയും പോലെ റവന്യൂ വകുപ്പിലും പൊതു സ്ഥലംമാറ്റം ഓൺലൈനായാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിലാണ് ഭരണപരമായ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വിലക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | സൗകര്യത്തിനായി അനിവാര്യമായ ജില്ലകൾക്കുള്ളിലെ സ്ഥലംമാറ്റം ഓഫ് ലൈനായി നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ